**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6607** **11-07-2024 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്കുഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെയും ദേശീയപാതകളുടെയും പുറമ്പോക്കുഭൂമി കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം തുടർവികസനങ്ങൾ തടസ്സപ്പെടുന്നതും നിരവധി അപകടങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റോഡ് പുറമ്പോക്ക് കയ്യേറ്റം ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അവ ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനത്തെ ഫുട് പാത്തുകളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതും, കച്ചവടം നടത്തുന്നതും അലക്ഷ്യമായ രീതിയിൽ കേബിളുകൾ തുടങ്ങിയവ വലിക്കുന്നതും, പാർക്കിംഗിനും ഉൾപ്പെടെ റോഡു പുറമ്പോക്കുകൾ കൈയേറുന്നതായി കണ്ടെത്തിയിട്ടുണ്ട്. 1999-ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിലുള്ള റോഡുകളിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ആയതിനാൽ ഇതിനുള്ള നിർദ്ദേശം നൽകി ഒഴിപ്പിച്ചു വരുന്നു. |
| (ബി) | കയ്യേറ്റങ്ങൾ ഒഴിവാക്കി ഭൂമി തിരിച്ചുപിടിക്കുന്നതിനും അതിരുകൾ കൃത്യമായി കല്ലിട്ട് നിജപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ബഹു.കേരള ഹൈക്കോടതി വിധിയുടേയും, കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റിന്റെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഉള്ള നിയമാനുസൃതമല്ലാത്തതും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതുമായ പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനും കൈയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനും പൊതുമരാമത്ത് റോഡുകളിലെ കൈയ്യേറ്റങ്ങൾ ബോദ്ധ്യപ്പെട്ടാൽ കൈയ്യേറിയ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം നോട്ടീസ് നൽകുകയും സ്വമേധയാ ഒഴിഞ്ഞു പോകാത്ത കൈയ്യേറ്റക്കാരെ പൊതുമരാമത്ത് വകുപ്പ് നേരിട്ട് പോലീസ്, റവന്യൂ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ഒഴിപ്പിച്ചു വരുന്നു. ജില്ലാതല റോഡ് സുരക്ഷാ സമിതി റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗുകൾ, സംസ്ഥാനതല അവലോകനയോഗം എന്നിവയിൽ ഇവയുടെ പുരോഗതി അവലോകനം ചെയ്തു വരുന്നു.അതിരുകൾ കൃത്യമായി കല്ലിട്ട് നിജപ്പെടുത്തുന്നതിന് എല്ലാ |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഇപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (സി) | വിവരം ശേഖരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ